മാധ്യമം 30 September 2022

# ദേശീയ റാങ്കിങ്ങിൽ സി.എം.എഫ്.ആർ.ഐ ഒന്നാമത്

കൊച്ചി: കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ ദേശീയ റാങ്കിങ്ങിൽ ഫിഷറീസ്-അനിമൽ സയൻസ് വിഭാഗത്തിൽ സി.എം.എഫ്.ആർ.ഐ രാജ്യത്ത് ഒന്നാമത്. 2019 മുതൽ 2021 വരെയുള്ള കാലയളവിൽ മികവിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയ പട്ടികയിലാണ് സി.എം.എഫ്.ആർ.ഐ മുന്നിലെത്തിയത്. കൂടാതെ, ഐ.സി.എ.ആറിന് കീഴിൽ ആറ് വിഭാഗങ്ങളിലായുള്ള 93 ഗവേഷണ സ്ഥാപനങ്ങളുടെ പട്ടികയിൽ മൂന്നാമതാണ് സി.എം.എഫ്.ആർ.ഐ. കേരളത്തിൽ ആസ്ഥാനമുള്ള അഞ്ച് ഐ.സി.എ.ആർ സ്ഥാപനങ്ങളിൽ ഒന്നാമതെത്തിയതും സി.എം.എഫ്.ആർ.ഐയാണ്.

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.എം.എഫ്.ആർ.ഐക്ക് കേരളത്തിൽ കോഴിക്കോട്, വിഴിഞ്ഞം, ഗുജറാത്തിലെ വെരാവൽ, പശ്ചിമബംഗാളിലെ ദിഘ, മുംബൈ, കാർവാർ, മംഗലാപുരം, ചെന്നൈ, തൂത്തുക്കുടി, മണ്ഡപം, വിശാഖപട്ടണം എന്നിവിടങ്ങളിൽ ഗവേഷണ കേന്ദ്രങ്ങളുണ്ട്.